പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1836 **26-10-2026-ൽ മറുപടിയ്ക്ക്**

വയോജനങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. കെ. പ്രവീൺ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) വയോജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

മറുപടി: വയോജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത ക്ഷേമപദ്ധതികൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മറുപടി: വയോജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

1. വയോജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ മാനദണ്ഡങ്ങളും

വയോജനങ്ങളുടെ ആരോഗ്യസംരക്ഷണം, പരിചരണം, പുനരധിവാസം, ജീവിതനിലവാരം മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമിട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വയോമധുരം: ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 60 വയസ്സ് പൂർത്തിയായ പ്രമേഹബാധിതരായ മുതിർന്ന പൗരന്മാർക്ക് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്നു. ബി.പി.എൽ രേഖയും പ്രായം തെളിയിക്കുന്ന രേഖയും ഉണ്ടായിരിക്കണം. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പദ്ധതിയിലൂടെ ഗ്ലൂക്കോമീറ്റർ ലഭിച്ചവരായിരിക്കരുത്.

2. വയോഅമൃതം: സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്നേഹാലയങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സ ലഭ്യമാക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ താമസക്കാരായിരിക്കണം ഗുണഭോക്താക്കൾ.

3. മന്ദഹാസം: ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ദന്തനിരകൾ പൂർണമായും നഷ്ടപ്പെട്ട മുതിർന്ന പൗരന്മാർക്ക് സൗജന്യമായി കൃത്രിമ ദന്തനിര നൽകുന്നു. ദന്തനിര വയ്ക്കുന്നതിന് അനുയോജ്യനാണെന്ന് തെളിയിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം ആവശ്യമാണ്.

4. വയോരക്ഷ: അടിയന്തര ചികിത്സ ആവശ്യമായ മുതിർന്ന പൗരന്മാർക്ക് വൈദ്യസഹായം, കെയർഗിവർ സേവനം, പുനരധിവാസം, ഭക്ഷണം എന്നിവ ലഭ്യമാക്കുന്നു. അടിയന്തര ചികിത്സാപരമായ സാഹചര്യം നേരിടുന്ന മുതിർന്ന പൗരന്മാർക്കാണ് സേവനം ലഭിക്കുന്നത്.

5. വയോസാന്ത്വനം: സംരക്ഷിക്കാനാരുമില്ലാത്തതോ ആവശ്യമായ പരിചരണം ലഭിക്കാത്തതോ ആയ കിടപ്പിലായ വയോജനങ്ങൾക്ക് സന്നദ്ധസംഘടനകൾ മുഖേന പരിചരണവും പുനരധിവാസവും ഉറപ്പാക്കുന്നു. ഭക്ഷണം, മരുന്ന്, പാലിയേറ്റീവ് പരിചരണം എന്നിവ നൽകാനുള്ള സൗകര്യങ്ങളുള്ള അർഹമായ സന്നദ്ധസംഘടനകൾക്കാണ് ഗ്രാന്റ് അനുവദിക്കുന്നത്. അംഗീകരിക്കപ്പെട്ട ചെലവിന്റെ 80% വരെ സർക്കാർ സഹായവും ശേഷിക്കുന്ന 20% തുക സ്ഥാപനത്തിന്റെ വിഹിതവുമായിരിക്കും.

6. Connecting Services to People: വൃദ്ധസദനങ്ങളുടെ പ്രവർത്തനനിലവാരം മെച്ചപ്പെടുത്തൽ, കെയർഗിവർമാർക്കും വീടുകളിൽ വയോജനങ്ങളെ പരിചരിക്കുന്നവർക്കും പരിശീലനം നൽകൽ, പരിചരണ മാനദണ്ഡങ്ങൾ ഉയർത്തൽ എന്നിവയാണ് ലക്ഷ്യം.

7. ആറാട്ടുപുഴ കിടപ്പുരോഗികൾക്കായുള്ള വൃദ്ധസദനം, ആലപ്പുഴ: 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള, കിടപ്പുരോഗികളും സ്വന്തമായി സംരക്ഷണം ഉറപ്പാക്കാൻ കഴിയാത്ത നിരാലംബരുമായ മുതിർന്ന പൗരന്മാർക്ക് താമസവും പരിചരണവും നൽകുന്നു.

8. ARDSI സഹകരണ പദ്ധതി: അൽഷിമേഴ്സ്, ഡിമെൻഷ്യ തുടങ്ങിയ രോഗങ്ങളുള്ളവർക്ക് പരിചരണം, പുനരധിവാസം, ബോധവത്കരണം, മെഡിക്കൽ ക്യാമ്പുകൾ, ഓൺലൈൻ കൺസൾട്ടേഷൻ, ഹോം വിസിറ്റ് എന്നിവ ലഭ്യമാക്കുന്നു.